(ബി) അവിടെ എല്ലാംകൂടി എത്ര പുതിയ ടാപ്പുകൾ നൽകിയിട്ടുണ്ട്;

(സി) എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൊളിക്കുഴി, മെപ്പിൻകുന്ന്, കുന്നുമ്മേൽ, ചിത്രാലഴികം, നെല്ലിക്കുഴി, വൺടൂർ, കുളത്രസാവരം, പുലിപ്പാറ, ആയനൂർ, പറങ്ങാക്കുഴി, പ്ലാച്ചിവിള എന്നീ ഹരിജൻ കോളനികളിൽ ഹാൻഡ് പമ്പോടുകൂടി സ്ഥാപിച്ചിട്ടുള്ള ബോർവെല്ലിൽ നിന്നും ശുദ്ധജല വിതരണം നടത്തുന്നുണ്ട്.

(ബി) ടാപ്പുകൾ നൽകിയിട്ടില്ല.

(സി) 3.30 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

വെളിനെല്ലൂർ പഞ്ചായത്തിലെ റൂറൽ വാട്ടർ സപ്ലൈ സ്കീം

1414. [2138] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വെളിനെല്ലൂർ പഞ്ചായത്തിലെ റൂറൽ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാനുള്ള നടപടി എത്രത്തോളമായി ;

(ബി) ഈ സ്കീം കേന്ദ്രത്തിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ആക്സിലറേറേഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിൽ ഈ പദ്ധതി ഉൾപ്പെടുത്തിക്കഴിഞ്ഞു. അതിനുശേഷം സംസ്ഥാന ഗവൺമെന്റിന്റെ ഭരണാനുമതിയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കുള്ള 34.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

കൂടൽ ലിഫ്റ്റ് ഇറിഗേഷൻ

1415. [2139] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിലെ കൂടൽ ലിഫ്റ്റ് ഇറിഗേഷൻ പണി എത്രത്തോളമായി ;

(ബി) ഇതിന് വൈദ്യുതി കണക്ഷൻ ലഭിച്ചുവോ ;

(സി) ഇത് എന്നേക്ക് പ്രവർത്തനം ആരംഭിക്കും ?

ഉത്തരം

(എ) പണി പൂർത്തിയായിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുത കണക്ഷൻ ലഭിച്ചതിനുശേഷമേ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് പറയുവാൻ കഴിയുകയുള്ളു.

ചിറ്റൂർ പുഴയിൽ ആർ.ബി.സി. കനാൽ

1416. [2141] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ പുഴയുടെ ആർ.ബി.സി. കനാൽ വടകരപതി പഞ്ചായത്ത് വരെ നീട്ടിക്കിട്ടണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) കനാൽ നീട്ടി കൊടുക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര കിലോമീറ്റർ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ചിറ്റൂർപുഴ പദ്ധതിയുടെ മൂലത്തറ റഗുലേറ്ററിൽ ലഭ്യമായ ജലം മൂലത്തറ വലതുകര കനാൽ നീട്ടുന്നതുമൂലം പ്രയോജനം ലഭിക്കേണ്ട പ്രദേശങ്ങളുടെ ആവശ്യത്തിന് പര്യാപ്തമല്ല. ആവശ്യമായ ജലത്തിന്റെ അഭാവത്തിൽ കനാൽ നീട്ടുന്നതുകൊണ്ട് പ്രയോജനം ഉണ്ടാവുകയില്ല. ടി പ്രദേശങ്ങൾ കുറിയാർകുറ്റി കാരപ്പാറ പദ്ധതിയുടെ ആയക്കെട്ടിൽപ്പെടുന്നവയാണ്. ടി പദ്ധതി കേന്ദ്ര ഗവൺമെൻറിന്റെ പരിസ്ഥിതി വിഭാഗത്തിന്റെ എതിർ അഭിപ്രായം മൂലം പുനഃപരിശോധനയിലാണ്. പരിസ്ഥിതി വിഭാഗത്തിന് സൗകര്യമാകുന്ന വിധത്തിൽ പദ്ധതി ഭേദഗതി വരുത്തി അനുമതി നേടാനാണ് ശ്രമം. അനുമതി ലഭിച്ചശേഷമേ കനാൽ നീട്ടുന്ന പണി തുടരാൻ നിർവ്വാഹമുള്ളു.

ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസിൽ വരുന്ന കാലതാമസം

1417. [2145] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിൽഡിംഗ് റൂംസ് റെഗ്സംഷൻ അപ്പീലുകളും തീർപ്പു കൽപ്പിക്കുന്നതിന് ചീഫ് ടൗൺ പ്ലാനിംഗ് ആഫീസിൽ വരുന്ന കാലതാമസം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അധികാര വികേന്ദ്രീകരണംവഴി ജില്ലാതലങ്ങളിൽ അപ്പീൽ തീർപ്പു കൽപ്പിക്കാനുള്ള സംവിധാനമുണ്ടാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബിൽഡിംഗ് റൂൾ റെഗ്സംഷൻ അപ്പീലുകളും തീർപ്പു കൽപ്പിക്കുന്നതിനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ടി അപ്പീൽ

LIBRARY ARCHIVES Kerala Legislative Assembly